## കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം- ജീവനക്കാര്യം - ശ്രീ . മുഹമ്മദ് നൗഷാദ്.എ.കെ, മോഡാനികുണ്ടിൽ, നോർത്ത് കൊഴക്കോട്ടൂർ, അരീക്കാട്.പി.ഒ, മലപ്പുറം- കാസർഗോഡ് ജില്ലയിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II ആയി നിയമനം നൽകിയത് - സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ.(സാധാ) നമ്പർ.3303/2016/തസ്വഭവ, തിരുവനന്തപുരം, തീയതി, 03.12.2016.

---

പരാമർശം :- 1. ജി.ഒ.(പി) നം.216/08/തസ്വഭവ, തീയതി 30.7.2008.

2. കാസർഗോഡ് ജില്ലാ പി.എസ്.സി ഓഫീസറുടെ 21.12.2015 തീയതിയിലെ കെ.ജി.ഡി IV (3) 3698/12 നമ്പർ നിയമന ശിപാർശ.
3. ഗ്രാമവികസന കമ്മീഷണറുടെ 18.03.2016 ലെ 4067/എസ്റ്റാ.ബി2/2016/സിആർഡി നമ്പർ നടപടിക്രമം.
4. ഗ്രാമവികസന കമ്മീഷണറുടെ 28.04.2016 ലെ 4067/എസ്റ്റാ.ബി2/2016/സിആർഡി നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (2) പ്രകാരം ശ്രീ . മുഹമ്മദ് നൗഷാദ്.എ.കെ, മോഡാനികുണ്ടിൽ, നോർത്ത് കൊഴക്കോട്ടൂർ, അരീക്കാട്.പി.ഒ, മലപ്പുറം എന്ന ഉദ്യോഗാർത്ഥിയെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II തസ്തികയിൽ നിയമനം നൽകുന്നതിന് കാസർഗോഡ് ജില്ലാ പി.എസ്.സി ഉത്തരവായതിൻ പ്രകാരം, ടിയാളെ പരാമർശം (1) ന്റെ അടിസ്ഥാനത്തിൽ, പ്രീ സർവ്വീസ് ബാച്ചുകൾ ഒന്നും നിലവിലില്ലാത്തതിനാലും പുതിയ ബാച്ചുകൾ ആരംഭിക്കുവാൻ ഉടനെ സാധ്യതയില്ലാത്തതിനാലും ഉദ്യോഗാർത്ഥിക്ക് പ്രീ സർവ്വീസ് പരിശീലനം നൽകാൻ കഴിയാത്ത സാഹചര്യത്തിൽ, പ്രീ സർവ്വീസ് പരിശീലനത്തിന്റെ പുതിയ ബാച്ചുകൾ ആരംഭിക്കുമ്പോൾ ശ്രീ . മുഹമ്മദ് നൗഷാദ്.എ.കെ പ്രസ്തുത പരിശീലനത്തിൽ പങ്കെടുക്കേണ്ടതാണെന്ന വ്യവസ്ഥയിലും സർക്കാർ സാധൂകരണത്തിനു വിധേയമായും കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ജനറൽ റൂൾ 3 (സി) റൂൾ 9 ന്റെ സബ്റൂൾ ( എ) യിലെ ക്ലോസ് (1) എന്നിവ പ്രകാരം ടിയാളെ പരാമർശം (3) പ്രകാരം കാസർഗോഡ് ജില്ലയിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II ആയി 10480-18300 ശമ്പള സ്കെയിലിൽ നിയമിക്കുകയും, ടി നടപടിക്ക് സാധൂകരണം നൽകണമെന്ന് പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ . മുഹമ്മദ് നൗഷാദ്.എ.കെ യ്ക്ക് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II തസ്തികയിൽ നിയമനം നൽകിയ സമയത്ത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II ഓഫീസർമാരുടെ സേവനപൂർവ്വ പരിശീലന കേന്ദ്രങ്ങളിൽ ബാച്ചുകൾ നിലവിലില്ലാതിരുന്ന സാഹചര്യത്തിലും സൂചന (3)ലെ നടപടി ക്രമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിലും സേവന പൂർവ്വ പരിശീലന പരിപാടി വിജയകരമായി പൂർത്തിയാക്കുന്നതിന് മുമ്പ് ശ്രീമുഹമ്മദ് നൗഷാദ്.എ.കെ യ്ക്ക് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II തസ്തികയിൽ നിയമനം നൽകിയ ഗ്രാമവികസന കമ്മീഷണറുടെ നടപടിക്ക് സാധൂകരണം നൽകുന്നു.

ശ്രീ . മുഹമ്മദ് നൗഷാദ്.എ.കെ നിലവിൽ ജോലി ചെയ്യുന്ന കാര്യാലയത്തിൽ സേവനത്തിൽ പ്രവേശിച്ചതു മുതൽ പ്രസ്തുത ഓഫീസിൽ നിന്ന് വിടുതൽ വാങ്ങി പരിശീലന പരിപാടിയ്ക്ക് ചേരുന്നതുവരെയുള്ള കാലയളവ്, നിരീക്ഷണകാലം പ്രഖ്യാപിക്കൽ, സ്ഥാനക്കയറ്റം, വാർഷിക ശമ്പള വർദ്ധനവ് ഉൾപ്പെടെയുള്ള എല്ലാവിധ സേവനാനുകൂല്യങ്ങൾക്കും പരിഗണിക്കേണ്ടതാണ്. ശ്രീ . മുഹമ്മദ് നൗഷാദ്.എ.കെ പരിശീലന പരിപാടിയിൽ പ്രവേശിച്ച് ഒരു വർഷത്തിന് ശേഷമാണ് പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നതെങ്കിൽ പരിശീലനം പൂർത്തിയാക്കി സേവനത്തിൽ തിരികെ പ്രവേശിക്കുന്ന തീയതി മുതലാണ് ടിയാന്റെ നിരീക്ഷണകാലം ആരംഭിക്കേണ്ടത്. നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ശ്രീ. മുഹമ്മദ് നൗഷാദ് പ്രീസർവ്വീസ് പരിശീലനം പൂർത്തിയാക്കാതിരിക്കുകയോ, വിജയിക്കാതിരിക്കുകയോ ചെയ്താൽ സൂചന (1) പ്രകാരം പുറപ്പെടുവിച്ച വിശേഷാൽ ചട്ടത്തിലെ 6-ാം ഭേദഗതി പ്രകാരം പുതുക്കിയ, പരിശീലനം സംബന്ധിച്ച പുതിയ ചട്ടത്തിന്റെ അടിസ്ഥാനത്തിലാണ് ശ്രീ മുഹമ്മദ് നൗഷാദിന്റെ സീനിയോറിറ്റി നിശ്ചയിക്കേണ്ടത്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സന്തോഷ് കുമാർ.എസ്.ആർ**
**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ശ്രീ. മുഹമ്മദ് നൗഷാദ്.എ.കെ., വി.ഇ.ഒ ( വകുപ്പമേധാവി മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തൃശ്ശൂർ.
ഇൻഫർമേഷൻ കേരള മിഷൻ.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ ) വകുപ്പ്
( ഗവ.വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ